

● ബിഹാറിൽ അശോക്ധാം ക്ഷേത്രത്തിലെ തിക്കിലും തിരക്കിലും പരുക്കേറ്റവരെ ആംബുലൻസിൽ കൊണ്ടു പോകുന്നു.

ബിഹാറിൽ ക്ഷേത്രത്തിന് പുറത്ത് തിക്കിലും തിരക്കിലും ഏഴ് മരണം

ലഖിസരായ്: ബിഹാറിലെ ലഖിസരായ് അശോക് ധാം ക്ഷേത്രത്തിനു പുറത്ത് ഇന്നലെയുണ്ടായ തിക്കിലും തിരക്കിലും ഏഴ് ഭക്തർ മരിച്ചു.

നിരവധി പേർക്കു പരുക്കേറ്റു. വൈദ്യുത തൂൺ തകർന്ന് ജനക്കൂട്ടത്തിലേക്ക് വൈദ്യുത വയർ വീണുവെന്ന അഭ്യൂഹമാണ് പരിഭ്രാന്തി സൃഷ്ടിച്ചതെന്ന് ഉദ്യോഗസ്ഥർ പറഞ്ഞു. സാവൻ മാസത്തിലെ മൂന്നാം തിങ്കളാഴ്ച ഭക്തജനത്തിരക്കിനിടയിലാണ് ദുരന്തം. സംഭവത്തെത്തുടർന്ന്, ഉദ്യോഗസ്ഥരും പോലീസ് സംഘങ്ങളും രക്ഷാപ്രവർത്തനം നടത്തി.

പരുക്കേറ്റവരെ സമീപത്തെ ആശുപത്രികളിൽ പ്രവേശിപ്പിച്ചു. സംഭവം അങ്ങേയറ്റം ദാരുണമാണെന്ന് ബിഹാർ മുഖ്യമന്ത്രി സാമ്രാട്ട് ചൗധരി വിശേഷിപ്പിച്ചു. മരിച്ച ഓരോ വ്യക്തിയുടെയും കുടുംബത്തിന് നാലു ലക്ഷം രൂപ ധനസഹായവും മുഖ്യമന്ത്രി പ്രഖ്യാപിച്ചു.

വൈദ്യുതത്തൂൺ തകർന്നപ്പോൾ, ഒരു ലൈവ് വയർ ആളുകളുടെ മേൽ വീണതായി കിംവദന്തി പരന്നു, പക്ഷേ, വീണത് കേബിൾ വയർ ആയിരുന്നു. ആളുകൾ ഇരച്ചു നീങ്ങിയതും സ്ത്രീകളുടെ ക്യൂവിലുള്ളവർ ഞെരിഞ്ഞമർന്നു. സ്ത്രീകൾ പരസ്പരം വീണു.– അധികൃതർ പറഞ്ഞു.

എയർ ഇന്ത്യയുടെ രണ്ട് പൈലറ്റ്മാർകൂടി ലഹരി പരിശോധനയിൽ കുടുങ്ങി

ന്യൂഡൽഹി: എയർ ഇന്ത്യയുടെ രണ്ട് പൈലറ്റുമാർ പ്രാഥമിക ലഹരി പരിശോധനയിൽ പരാജയപ്പെട്ടു.

മൂത്ര സാമ്പിൾ പരിശോധിച്ചപ്പോഴാണ് പൈലറ്റുമാർ ലഹരി ഉപയോഗിച്ചതായി കണ്ടെത്തിയത്. വിശദ പരിശോധനയ്ക്കായി ഇരുവരുടെയും സാമ്പിളുകൾ അയച്ചിട്ടുണ്ട്. അന്തിമഫലം വരുന്നത് അനുസരിച്ചാവും തുടർനടപടികൾ.

ഇതിനു സാധാരണ 24 മുതൽ 48 മണിക്കൂർ വരെ എടുക്കും. മുൻകരുതലെന്ന നിലയിൽ ഇരുവരെയും താത്കാലികമായി ഡ്യൂട്ടിയിൽനിന്ന് മാറ്റിയതായി എയർ ഇന്ത്യാ വൃത്തങ്ങൾ അറിയിച്ചു.എയർ ഇന്ത്യയുടെ നാനൂറോളം പൈലറ്റുമാരാണ് ഇതുവരെ നിർബന്ധിത ലഹരി പരിശോധനയ്ക്ക് വിധേയരായത്. ഫുക്കറ്റിൽനിന്ന് ഡൽഹിയിലേക്കുള്ള എയർ ഇന്ത്യാ വിമാനത്തിന്റെ പൈലറ്റ് കഞ്ചാവ് ഉപയോഗിച്ചെന്ന് പരിശോധനാ ഫലത്തിൽ തെളിഞ്ഞതിന് പിന്നാലെയാണ് പൈലറ്റുമാർക്ക് കമ്പനി ലഹരിപരിശോധന നിർബന്ധിതമാക്കിയത്. ഓഗസ്റ്റ് നാലിനാണ് എ. ഐ. 2379 വിമാനം പറക്കലിനിടെ പൊടുന്നനെ 300 അടി താഴ്ചയിലേക്ക് പതിച്ചത്. ഇതേത്തുടർന്നുണ്ടായ ശക്തമായ കുലുക്കത്തിൽ യാത്രക്കാർക്കും വിമാനജീവനക്കാർക്കും പരുക്കേറ്റിരുന്നു. പരിശോധനയിൽ വിമാനത്തിന്റെ പൈലറ്റ് ഇൻ കമാൻഡ് ക്യാപ്റ്റൻ സുദീപ് വസിഷ്ഠ ലഹരി ഉപയോഗിച്ചതായി കണ്ടെത്തിയിരുന്നു.

വിമാനം ലാൻഡ് ചെയ്തതിന് ശേഷം നടത്തിയ രണ്ടു പരിശോധനകളിലും ഇദ്ദേഹത്തിന്റെ ശരീരത്തിൽ കഞ്ചാവിന്റെ സാന്നിധ്യം കണ്ടെത്തി. പൈലറ്റ് വിമാനത്തിൽ ലഹരി ഉപയോഗിച്ചിരുന്നതായി ഒരു ജീവനക്കാരൻ പരാതിനൽകിയിരുന്നു. സംഭവത്തെത്തുടർന്ന് എയർ ഇന്ത്യയിലെയും എയർ ഇന്ത്യ എക്സ്പ്രസിലെയും മുഴുവൻ പൈലറ്റുമാരോടും ലഹരി പരിശോധനയ്ക്ക് വിധേയരാകാൻ എയർ ഇന്ത്യ നിർദേശിക്കുകയായിരുന്നു.

● സുപ്രധാന നിർദേശവുമായി സുപ്രീം കോടതി

'വിളകൾ നശിക്കുന്നെന്ന കാരണംനിരത്തി ആനത്താരകളിൽ തടസമുണ്ടാക്കരുത്'

ന്യൂഡൽഹി: വിളകൾ നശിക്കുന്നെന്ന കാരണം ചൂണ്ടിക്കാട്ടി ആനകളുടെ സ്വാഭാവിക സഞ്ചാരപാതയായ ആനത്താരകളിൽ തടസം സൃഷ്ടിക്കാനാകില്ലെന്ന് സുപ്രീം കോടതി. ആനകളുടെ സ്വാഭാവിക സഞ്ചാരം തടയാൻ തോക്കുകൾ ഉൾപ്പെടെ ഉപയോഗിക്കരുതെന്നും ആനത്താരകളിൽ കേന്ദ്രസർക്കാർ പുതിയ സർവേ നടത്തണമെന്നും കോടതി നിർദേശിച്ചു.

ആനക്കൂട്ടങ്ങൾ ദീർഘദൂരം സഞ്ചരിക്കുന്ന സ്വഭാവമുള്ളവയാണെന്നും അവയുടെ ആവാസകേന്ദ്രങ്ങൾക്കിടയിൽ തടസമില്ലാത്ത സഞ്ചാരപാത അനിവാര്യമാണെന്നും ചീഫ് ജസ്റ്റിസ് സൂര്യകാന്ത് അധ്യക്ഷനായ ബെഞ്ച് ചൂണ്ടിക്കാട്ടി. പ്രാദേശികമായ ഘടകങ്ങൾ മാത്രം കണക്കിലെടുത്ത് ആനത്താരകളിൽ സംസ്ഥാന സർക്കാരുകൾ തടസം സൃഷ്ടിക്കരുതെന്നും സുപ്രീം കോടതി നിർദേശിച്ചു.ആനത്താരകളിലൂടെ ആനകൾക്ക് സ്വതന്ത്രമായി സഞ്ചരിക്കാൻ ആവശ്യമായ നിർബന്ധിത മാർഗനിർദേശങ്ങൾ പരിസ്ഥിതി, വനം മന്ത്രാലയം പുറപ്പെടുവിച്ചിട്ടുണ്ടെന്ന് കേന്ദ്രസർക്കാർ അഭിഭാഷകർ സുപ്രീം കോടതിയെ അറിയിച്ചു. എന്നാൽ, ചില സ്ഥലങ്ങളിൽ പ്രാദേശിക സാഹചര്യങ്ങൾ ചൂണ്ടിക്കാട്ടി ആനത്താരകൾ തടസപ്പെടുകയോ പൂർണമായും അടയ്ക്കപ്പെടുകയോ ചെയ്തിട്ടുണ്ടെന്നും കേന്ദ്ര സർക്കാർ അറിയിച്ചു. ഇതിന്റെ പശ്ചാത്തലത്തിലാണ് രാജ്യത്തെ വിവിധ സംസ്ഥാനങ്ങളിലെ ആനത്താരകളിൽ പുതിയ സർവേ നടത്താനും വിശദമായ റിപ്പോർട്ട് സമർപ്പിക്കാനും കേന്ദ്ര പരിസ്ഥിതി മന്ത്രാലയത്തോട് സുപ്രീം കോടതി നിർദേശിച്ചത്. പരിസ്ഥിതിലോലമായ തമിഴ്നാട്ടിലെ സെഗൂർ പീഠഭൂമിയിലെ ആനത്താരയിൽ വാണിജ്യ പ്രവർത്തനങ്ങൾ വിലക്കിയ നടപടി സുപ്രീം കോടതി ശരിവച്ചു. പ്രദേശത്തിന്റെ സംരക്ഷണത്തിനായി മദ്രാസ് ഹൈക്കോടതി പുറപ്പെടുവിച്ച നിർദേശങ്ങളിൽ ഇടപെടാനാകില്ലെന്ന് ചീഫ് ജസ്റ്റിസ് സൂര്യകാന്ത് അധ്യക്ഷനായ ബെഞ്ച് വ്യക്തമാക്കി.

● അനധികൃത സ്വത്ത് സമ്പാദനം

രാഹുലിനെതിരായ കേസുമായി മുന്നോട്ടു പോകരുത്: സുപ്രീം കോടതി



ന്യൂഡൽഹി: അനധികൃത സ്വത്ത് സമ്പാദനക്കേസിൽ ലോക്സഭയിലെ പ്രതിപക്ഷ നേതാവായ രാഹുൽ ഗാന്ധിക്കെതിരേ കേസ് മുന്നോട്ടു കൊണ്ടുപോകരുതെന്ന് അലഹാബാദ് ഹൈക്കോടതിയോട് സുപ്രീം കോടതി ആവശ്യപ്പെട്ടു. 'അത്ര ഗൗരവമുള്ള വിഷയമാണെങ്കിൽ അന്വേഷണ ഏജൻസികൾ മൗനം പാലിച്ചതെന്ത്?' എന്ന് കേന്ദ്ര അന്വേഷണ ഏജൻസികളെ പ്രതിനിധീകരിക്കുന്ന അഭിഭാഷകനോട് സുപ്രീം കോടതി ചോദിച്ചു.ഹൈക്കോടതി ഉത്തരവിട്ട അന്വേഷണത്തിൽനിന്ന് ഉയർന്നുവന്നതായി ആരോപിക്കപ്പെടുന്ന സ്വത്ത് സമ്പാദന കേസാണിത്. ഇതുമായി ബന്ധപ്പെട്ട് അലഹാബാദ് ഹൈക്കോടതി ഉൾപ്പെടെ ഒരു അതോറിറ്റിക്കും അന്വേഷണ റിപ്പോർട്ട് സമർപ്പിക്കരുതെന്നു സി.ബി.ഐയോടും എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റിനോടും സുപ്രീം കോടതി നിർദേശിച്ചു.ഹൈക്കോടതി ഉത്തരവിനെതിരേ ലോക്സഭാ പ്രതിപക്ഷ നേതാവ് സമർപ്പിച്ച ഹർജി ചീഫ് ജസ്റ്റിസ് സൂര്യകാന്ത്, ജസ്റ്റിസുമാരായ ജോയ്മല്യ ബാഗ്ചി, വി മോഹന എന്നിവരടങ്ങിയ ബെഞ്ചാണ് പരിഗണിച്ചത്. സുപ്രീം കോടതി ഈ വിഷയത്തിൽ ഈ മാസം 20ന് വാദം കേൾക്കുന്നതുവരെ അലഹബാദ് ഹൈക്കോടതി ഹിയറിങ് മാറ്റിവയ്ക്കണമെന്നും ബെഞ്ച് നിർദേശിച്ചു. ഹർജിക്കാരനായ വിഘ്നേഷ് ശിശിറിന് ഹൈക്കോടതിയിൽ ഹർജി ഫയൽ ചെയ്യാനുള്ള അവകാശം ഉണ്ടോ എന്ന് രാഹുൽ ഗാന്ധിക്കു വേണ്ടി ഹാജരായ കപിൽ സിബൽ ചോദിച്ചു. 'ഇത് നിയമത്തിന് തീർത്തും അജ്ഞാതമാണ്. ഇത് ഏറ്റവും നിർഭാഗ്യകരമാണ്. – സിബൽ സുപ്രീം കോടതിയെ അറിയിച്ചു. പരാതി സ്ഥിരീകരിക്കുകയല്ലാതെ സി.ബി.ഐ. ഒന്നും ചെയ്തിട്ടില്ലെന്നും മുതിർന്ന അഭിഭാഷകൻ പറഞ്ഞു.കേസിൽ തങ്ങൾക്ക് ഇതുവരെ ഒരു പങ്കുമില്ലെന്നും ഗുരുതര കുറ്റകൃത്യം നടന്നെന്ന വെളിപ്പെടുത്തലുണ്ടായാൽ അതു ഗുരുതരമാണെന്നും കേന്ദ്ര അന്വേഷണ ഏജൻസികൾക്കു വേണ്ടി ഹാജരായ അഡീഷണൽ സോളിസിറ്റർ ജനറൽ എസ്.വി. രാജു പറഞ്ഞു. ഹൈക്കോടതി ഉത്തരവിനെതിരേ രാഹുൽ നൽകിയ ഹർജിയെ ഓൺലൈനിൽ ഹാജരായ ഹർജിക്കാരൻ എതിർത്തു. എഫ്.ഐ.ആറിന് മുമ്പുള്ള ഘട്ടത്തിൽ പ്രതിക്ക് വാദം കേൾക്കാൻ അവകാശമില്ല–അദ്ദേഹം പറഞ്ഞു.' കേസ് ഇത്രയും ഗുരുതരമാണെങ്കിൽ, നിങ്ങളുടെ ഏജൻസി എന്തിനാണ് മൗനം പാലിച്ചത്? കോടതിയിൽ നിന്ന് നിങ്ങൾക്ക് നിർദേശം ആവശ്യമുണ്ടോ? നിങ്ങൾ എന്തെങ്കിലും സ്വമേധയാ നടപടി സ്വീകരിച്ചിട്ടുണ്ടോ? ഇല്ല, അല്ലേ?' അന്വേഷണ ഏജൻസികളെ പ്രതിനിധീകരിക്കുന്ന അഡീഷണൽ സോളിസിറ്റർ ജനറലിനോട് ജസ്റ്റിസ് ബാഗ്ചി ചോദിച്ചു.

ഐ.പി.എസ്. ഉദ്യോഗസ്ഥന്റെ അമ്മ കൊല്ലപ്പെട്ട നിലയിൽ

ലഖ്നൗ: ഐ.പി.എസ് ഉദ്യോഗസ്ഥന്റെ 95 വയസുകാരിയായ അമ്മയെ വീട്ടിൽ കൊല്ലപ്പെട്ട നിലയിൽ കണ്ടെത്തി. ഉത്തർപ്രദേശിലെ അംബേദ്കർ നഗറിലെ രുധ ധമ്രൂവയിൽ താമസിച്ചിരുന്ന ഇന്ദ്രാവതിയാണ് (95) മരിച്ചത്. രാവിലെ വീട്ടുജോലിക്കാരിയാണ് ഇന്ദ്രാവതിയുടെ മൃതദേഹം ആദ്യം കണ്ടത്. ലഖ്നൗവിൽ ജോലി ചെയ്യുന്ന ഐ.പി.എസ് ഉദ്യോഗസ്ഥനായ അശുതോഷ് മിശ്രയുടെ അമ്മയാണ് കൊല്ലപ്പെട്ട ഇന്ദ്രാവതി. ഇവർ ഒറ്റയ്ക്കാണ് താമസിച്ചിരുന്നത്. ഇന്ദ്രാവതിയുടെ മൃതദേഹത്തിൽനിന്നു സ്വർണാഭരണങ്ങൾ നഷ്ടമായിട്ടുണ്ട്. സ്വർണമാല, മൂക്കുത്തി, കമ്മലുകൾ, പാദസരങ്ങൾ എന്നീ ആഭരണങ്ങളാണു മോഷണം പോയത്. മോഷ്ടാക്കൾ ഇന്ദ്രാവതിയെ കൊലപ്പെടുത്തിയശേഷം ആഭരണങ്ങൾ കവർന്നു എന്നാണു കരുതുന്നത്. എന്നാൽ മൃതദേഹത്തിൽ പരുക്കുകൾ ഉണ്ടായിരുന്നില്ലെന്ന് പോലീസ് പറയുന്നു. ഹൃദയാഘാതം മൂലമാണു മരണം സംഭവിച്ചതെന്നാണ് ആദ്യം കരുതിയത്.

അതേസമയം, ഐ.പി.എസ് ഉദ്യോഗസ്ഥന്റെ മാതാവ് കൊല്ലപ്പെട്ട സംഭവത്തിൽ സമാജ്വാദി പാർട്ടി നേതാവ് അഖിലേഷ് യാദവ് യു.പി സർക്കാരിനെ വിമർശിച്ചു. ഉത്തർപ്രദേശിൽ പോലീസ് പോലും സുരക്ഷിതരല്ലെന്ന അവസ്ഥ നിർഭാഗ്യകരമാണെന്ന് അദ്ദേഹം പറഞ്ഞു.

ബി.ജെ.പിയോട് വിടപറഞ്ഞ് ഷെഹ്സാദ് പൂനാവാല

ന്യൂഡൽഹി: ബി.ജെ.പി. ദേശീയ വക്താവ് ഷെഹ്സാദ് പൂനാവാല പാർട്ടിയിൽനിന്ന് രാജിവച്ചു. സാമ്പത്തികവും വ്യക്തിപരവുമായ കാരണങ്ങളാലാണ് രാജിയെന്നും പാർട്ടി ദേശീയ അധ്യക്ഷൻ നിതിൻ നബിന് രാജിക്കത്ത് കൈമാറിയതായും സാമൂഹികമാധ്യമത്തിലെ കുറിപ്പിൽ അദ്ദേഹം വ്യക്തമാക്കി. ബി.ജെ.പിയുടെ സംഘടനാ പുനഃസംഘടന പ്രഖ്യാപിക്കുന്നതിന് മണിക്കുറുകൾക്ക് മുമ്പായിരുന്നു ഷെഹ്സാദിന്റെ നീക്കം.



തന്റെ ഔദ്യോഗിക എക്സ് അക്കൗണ്ടിൽ പങ്കുവച്ച കത്തിൽ, മുമ്പ് ജൂലൈ 30 ന് താൻ രാജിക്കത്ത് നൽകിയിരുന്നെന്നും എന്നാൽ തീരുമാനം പുനഃപരിശോധിക്കാൻ പാർട്ടി ആവശ്യപ്പെടുകയായിരുന്നുവെന്നും അദ്ദേഹം പറഞ്ഞു. 'കഴിഞ്ഞ ഏതാനും ദിവസങ്ങളിലെ സംഭവങ്ങൾ, ചില വ്യക്തികളുടെ ഇടപെടലുകൾ കാരണം, മുൻ തീരുമാനത്തിൽ ഉറച്ചുനിൽക്കാൻ ഞാൻ നിർബന്ധിതനായി' പേരുകളോ വിശദാംശങ്ങളോ വെളിപ്പെടുത്താതെ ഷെഹ്സാദ് കൂട്ടിച്ചേർത്തു. തന്റെ രാജിക്കത്ത് പാർട്ടി ആദ്യം സ്വീകരിക്കാൻ വിസമ്മതിച്ചത് ഹൃദയത്തെ സ്പർശിച്ചെന്നും അദ്ദേഹം പറഞ്ഞു.

ജൂലൈ അവസാനത്തോടെ എക്സ് പ്രൊഫൈലിലെ വിവരങ്ങളിൽനിന്ന് ബി.ജെ.പിയെക്കുറിച്ചുള്ള പരാമർശങ്ങൾ ഷെഹ്സാദ് നീക്കം ചെയ്തിരുന്നു. 2017-ൽ കോൺഗ്രസ് അധ്യക്ഷ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട തർക്കങ്ങളെത്തുടർന്നാണ് ഷെഹ്സാദ് പൂനാവാല കോൺഗ്രസ് വിട്ടത്. പിന്നീട് ബി.ജെ.പിയിൽ ചേർന്ന അദ്ദേഹത്തെ പാർട്ടിയുടെ ദേശീയ വക്താവായി നിയമിക്കുകയായിരുന്നു.

ഇനി കേരളം: ബില്ലിന് അംഗീകാരം നൽകി രാഷ്ട്രപതി

ന്യൂഡൽഹി: സംസ്ഥാനത്തിന്റെ 'കേരള' എന്ന പേരുമാറ്റി 'കേരളം' എന്നാക്കുന്ന ബില്ലിന് രാഷ്ട്രപതിയുടെ അംഗീകാരം.

നേരത്തെ രാജ്യസഭയും ലോക്സഭയും ബിൽ പാസാക്കിയിരുന്നു. സർക്കാർ രേഖകളിൽ ഇനി കേരളം എന്നാകും രേഖപ്പെടുത്തുക. ബില്ലിൽ രാഷ്ട്രപതി ദ്രൗപതി മുർമു ഒപ്പുവച്ചതോടെ ഭരണഘടനയുടെ ഒന്നാം ഷെഡ്യൂളിൽ ഭേദഗതി വരുത്തി കേന്ദ്ര സർക്കാർ വിജ്ഞാപനം പുറപ്പെടുവിക്കും. നടപടിക്രമങ്ങൾ പൂർത്തിയാകുന്നതോടെ എല്ലാ ഔദ്യോഗിക രേഖകളിലും ഇംഗ്ലീഷ് ഉൾപ്പെടെയുള്ള ഇതര ഭാഷകളിലും കേരളം എന്ന് ഔദ്യോഗികമായി രേഖപ്പെടുത്തിത്തുടങ്ങും.

പുതിയ മാറ്റത്തോടെ സെക്രട്ടേറിയറ്റ് മുതൽ വില്ലേജ് ഓഫീസുകൾ വരെയുള്ള സർക്കാർ ഓഫീസുകളുടെ ബോർഡുകൾ, സീലുകൾ, ലെറ്റർ പാഡുകൾ, ലോഗോകൾ എന്നിവ മാറ്റണം. സർട്ടിഫിക്കറ്റുകൾ, ഗസറ്റുകൾ, റേഷൻ കാർഡ് ഉൾപ്പെടെയുള്ള ലക്ഷക്കണക്കിനു രേഖകൾ പുതിയ പേരിൽ അച്ചടിക്കേണ്ടി വരും. രാജ്യത്തിനകത്തും പുറത്തുമുള്ള വിവിധ വകുപ്പുകളുടെ ഡിജിറ്റൽ ഡേറ്റാബേസിലും വെബ്സൈറ്റിലും യു.ആർ.എല്ലിലും മാറ്റം വരുത്തണം.

HDFC BANK

രജി. ഓഫീസ്: എച്ച്ഡിഎഫ്സി ബാങ്ക് ഹൗസ്, സേനാപതി, ബപത് മാർഗ്, ലോവർ പരേൽ (W) മുംബൈ - 400013

2002 ലെ സർഫാസി ആക്ട് സെക്ഷൻ 13 (2) പ്രകാരം പുറപ്പെടുവിക്കുന്ന ഡിമാന്റ് നോട്ടീസ്.

എച്ച് ഡി എഫ് സി ബാങ്കിൽ നിന്ന് താഴെ സൂചിപ്പിച്ചിട്ടുള്ള വായ്പക്കാർ/സഹവായ്പക്കാർ/ജാമ്യക്കാർ/പണയക്കാർ അവരുടെ ജംഗമ വസ്തുക്കൾ പണയപ്പെടുത്തി നേടിയിട്ടുള്ള വായ്പകൾ സമയാസമയങ്ങളിൽ തിരിച്ചടയ്ക്കാത്തതിന്റെ പേരിൽ നിഷ്ക്രിയ ആസ്തികളായി തീർന്നിരിക്കുന്നു. അതുകൊണ്ട് വായ്പ ദാതാക്കളായ സെക്യൂരിറ്റി ഇന്ററസ്റ്റ് (എൻഫോഴ്സ്മെന്റ്) റൂൾസ് 2002 സെക്ഷൻ 13 (2), റൂൾ (2) പ്രകാരം സിദ്ധിച്ചിട്ടുള്ള അധികാരം ഉപയോഗിച്ച് താഴെ കോളം 2-ൽ കൊടുത്തിരിക്കുന്ന വായ്ക്കാരെ/സഹവായ്പക്കാരെ/ജാമ്യക്കാരെ/പണയക്കാരെ അറിയിക്കുന്നത് എന്തെന്നാൽ നോട്ടീസിൽ പറഞ്ഞിരിക്കുന്ന കുടിശ്ശികതുകയും നാളിതുവരെയുള്ള പലിശയും മറ്റു ചിലവുകളും ചേർത്ത് 60 ദിവസത്തിനുള്ളിൽ തിരിച്ചടയ്ക്കണമെന്ന് ഈ നോട്ടീസ് മുഖാന്തിരം പ്രസിദ്ധപ്പെടുത്തുന്നു.

ക്രമ നം.	വായ്പക്കാർ/ സഹ – വായ്പക്കാർ/ ജാമ്യക്കാർ/പണയക്കാരുടെ പേര്	ലോൺ അക്കൗണ്ട് നമ്പർ & ലോൺ തുക	വാഹനത്തെക്കുറിച്ചുള്ള വിവരണങ്ങൾ	എൻ.പി.എ തീയതി & ഡിമാന്റ് നോട്ടീസ് തീയതി	കുടിശ്ശിക തുക
1	**വിഷ്ണു പ്രിയ എ,** ശങ്കർ നിവാസ്, ടിസി 25 - 3584; നീരാഴിലെയ്ൻ; ജി പി ഒ; തിരുവനന്തപുരം 695001	ലോൺ അക്കൗണ്ട് നമ്പർ **153213985** **Rs. 13,38,869/-**	വാഹനം : MAHINDRA XUV 3XO 1.2T AX7L P MT, രജി. നമ്പർ : KL01DC4885 എഞ്ചിൻ നമ്പർ : NURZG12533 ചെയ്സിസ് നമ്പർ : MA1NS2NU1R2G76246	**എൻ. പി. എ തീയതി 11/12/2026** ഡിമാന്റ് നോട്ടീസ് തീയതി **15/05/2026**	**29.04.2026 ലെ കുടിശ്ശിക രൂ. 11,77,527.84** (പതിനൊന്ന് ലക്ഷത്തി എഴുപത്തിയേഴായിരത്തി അഞ്ഞൂറ്റി ഇരുപത്തിയേഴ് രൂപ എൺപത്തിനാല് പൈസ).
2	**1. വിജയകുമാർ വി,** തെക്കുംകര വീട്; തണ്ണിച്ചാംകുഴി; കോന്നിയൂർ പൂവച്ചൽ പി.ഒ. തിരുവനന്തപുരം - 695575 **2. അനുജ യു വി,** കൃപ നിവാസ്; ബിടിആർ നഗർ; കുറ്റിയൂട്ട്; തിരുവനന്തപുരം - 695013	ലോൺ അക്കൗണ്ട് നമ്പർ **94660132** **Rs. 7,08,928/-** **460056016** **Rs. 6,80,500/-**	വാഹനം : MARUTI SWIFT VXI രജി. നമ്പർ : KL01CN0065 എഞ്ചിൻ നമ്പർ : K12MP1094440 ചെയ്സിസ് നമ്പർ: MBHCZC63SKJ476323	**എൻ. പി. എ തീയതി 07/02/2025 & 06/12/2026** ഡിമാന്റ് നോട്ടീസ് തീയതി **15/05/2026**	**29.04.2026 ലെ കുടിശ്ശിക രൂ. 7,03,414/-** (ഏഴ് ലക്ഷത്തി മൂവായിരത്തി നാനൂറ്റി പതിനാല് രൂപ)
3	**ശ്രീജിത്ത് വി,** 2/308 ശ്രീജിത്ത് വിലാസം; തേവരക്കുഴി പുലിപ്പാറ; നെടുമങ്ങാട്; തിരുവനന്തപുരം - 695541	ലോൺ അക്കൗണ്ട് നമ്പർ **139561797** **Rs. 5,23,231/-** **154753046** **Rs. 3,69,378/-**	വാഹനം : ALTO 1.0 K10 VXI PLUS P MT രജി. നമ്പർ : KL21Y3000 എഞ്ചിൻ നമ്പർ : K10CN1085915 ചെയ്സിസ് നമ്പർ : MA3SFM61SNK129660	**എൻ. പി. എ തീയതി 06/01/2026** ഡിമാന്റ് നോട്ടീസ് തീയതി **15/05/2026**	**29.04.2026 ലെ കുടിശ്ശിക രൂ. 6,67,884/-** (ആറ് ലക്ഷത്തി അറുപത്തിയേഴായിരത്തി എണ്ണൂറ്റി എൺപത്തിനാല് രൂപ).
4	**അഷിലാഷ് ഒ,** അപ്പാർട്ട്മെന്റ് നമ്പർ 9ഇ വേവറെറ്റ്, ഹോംസ്, ഗ്രീം കാസ്റ്റി പ്രീമിയം, കഴക്കൂട്ടം; തിരുവനന്തപുരം - 695582	ലോൺ അക്കൗണ്ട് നമ്പർ **122471679** **Rs. 11,21,450/-**	വാഹനം : XL6 1.5 ZETA PETROL AT രജി. നമ്പർ : KL22P9850 എഞ്ചിൻ നമ്പർ : K15BN9162432 ചെയ്സിസ് നമ്പർ : MA3CNC32SMH264483	**എൻ. പി. എ തീയതി 20/02/2025** ഡിമാന്റ് നോട്ടീസ് തീയതി **15/05/2026**	**29.04.2026 ലെ കുടിശ്ശിക രൂ. 5,15,084.60** (അഞ്ച് ലക്ഷത്തി പതിനയ്യായിരത്തി എൺപത്തിനാല് രൂപ അറുപത് പൈസ).
5	**ബൈജു ടി,** കാർത്തിക നിവാസ് ഇന്ദിരാ ഗാർഡൻസ്; ആയാനിമൂട്, പള്ളിക്കൽ പി.ഒ. തിരുവനന്തപുരം - 695501	ലോൺ അക്കൗണ്ട് നമ്പർ **156582815** **Rs. 4,29,445/-**	വാഹനം : GRAND I10 ASTA PET രജി. നമ്പർ : KL20L4901 എഞ്ചിൻ നമ്പർ : G4LAHM355736 ചെയ്സിസ് നമ്പർ : MALA851CLHM606622B	**എൻ. പി. എ തീയതി 31/03/2026** ഡിമാന്റ് നോട്ടീസ് തീയതി **15/05/2026**	**29.04.2026 ലെ കുടിശ്ശിക രൂ. 3,46,248.28** (മൂന്ന് ലക്ഷത്തി നാൽപത്തിയാറായിരത്തി ഇരുന്നൂറ്റി നാൽപത്തിയെട്ട് രൂപ ഇരുപത്തിയെട്ട് പൈസ).
6	**ഫെബ എസ്** തേജസ് ഭവൻ; പുനവക്കുന്ന്; ചുള്ളിമാനൂർ (പിഒ) ആനന്ദ് തിരുവനന്തപുരം - 695541	ലോൺ അക്കൗണ്ട് നമ്പർ **157121146** **Rs. 11,63,000/-**	വാഹനം : TATA NEXON EV XZ PLUS രജി. നമ്പർ : KL01CX5550 എഞ്ചിൻ നമ്പർ : TZ230XS56FJ22080583 ചെയ്സിസ് നമ്പർ : MAT635003NPPT3407	**എൻ. പി. എ തീയതി 04/12/2025** ഡിമാന്റ് നോട്ടീസ് തീയതി **15/05/2026**	**29.04.2026 ലെ കുടിശ്ശിക രൂ. 10,53,406.16** (പത്ത് ലക്ഷത്തി അമ്പത്തി മൂവായിരത്തി നാന്നൂറ്റി ആറ് രൂപ പതിനാറ് പൈസ).
7	**ജോയ് എസ് എസ്,** 4 ഡി റോയൽ പാംസ് അപ്പാർട്ട്മെന്റ്സ് വഴുതക്കാട്; വിൻസ് കോളേജ് ജംഗ്ഷൻ വഴുതക്കാട്; തിരുവനന്തപുരം; 695014	ലോൺ അക്കൗണ്ട് നമ്പർ **135487129** **Rs. 27,55,788/-**	വാഹനം : MAHINDRA SCORPIO N Z8 4X4 D AT, രജി. നമ്പർ : KL01CW7474 എഞ്ചിൻ നമ്പർ : YGN4K57134 ചെയ്സിസ് നമ്പർ : MA1TJ4YGTN6K88405	**എൻ. പി. എ തീയതി 03/01/2026** ഡിമാന്റ് നോട്ടീസ് തീയതി **04/05/2026**	**28.04.2026 ലെ കുടിശ്ശിക രൂ. 13,41,843.14** (പതിമൂന്ന് ലക്ഷത്തി നാൽപത്തിയൊന്നായിരത്തി എണ്ണൂറ്റി നാൽപത്തിമൂന്ന് രൂപ പതിന്നാല് പൈസ).
8	**ഷമി ജി എസ്** തിരുവാതിര; ചെങ്കവിള ആയിര പി.ഒ. കരോടം; ആയിര തിരുവനന്തപുരം - 695502	ലോൺ അക്കൗണ്ട് നമ്പർ **123067902** **Rs. 7,04,610/-** **458008315** **Rs. 7,12,598/-**	വാഹനം : HONDA AMAZE VX MT രജി. നമ്പർ : KL19M5500 എഞ്ചിൻ നമ്പർ : L12B47500323 ചെയ്സിസ് നമ്പർ : MAKDF558GM4300131	**എൻ. പി. എ തീയതി 03/01/2026 & 06/12/2026** ഡിമാന്റ് നോട്ടീസ് തീയതി **30/04/2026**	**28.04.2026 ലെ കുടിശ്ശിക രൂ. 5,66,479.55** (അഞ്ച് ലക്ഷത്തി അറുപത്തിയാറായിരത്തി നാന്നൂറ്റി എഴുപത്തിയൊമ്പത് രൂപ അമ്പത്തിയഞ്ച് പൈസ).
9	**1. ഷിജിൻ ജോസ്,** TC 7/1266; റോസ് ഗാർഡൻ 93; പഴയ റോഡ്; തിരുവനന്തപുരം; 695011 **2. സുരുജിത്ത് പി,** TC 7/1266; റോസ് ഗാർഡൻ 93; പഴയ റോഡ്; തിരുവനന്തപുരം; 695011	ലോൺ അക്കൗണ്ട് നമ്പർ **53890135** **Rs. 7,55,769/-**	വാഹനം : MAHINDRA XUV 500 W8 AWD രജി. നമ്പർ : KL01BN7733 എഞ്ചിൻ നമ്പർ : HJD4K20835 ചെയ്സിസ് നമ്പർ : MA1YT2HJUD6K16155	**എൻ. പി. എ തീയതി 31/10/2019** ഡിമാന്റ് നോട്ടീസ് തീയതി **30/04/2026**	**28.04.2026 ലെ കുടിശ്ശിക രൂ. 6,94,152/-** (ആറ് ലക്ഷത്തി അറുപത്തിയാറായിരത്തി നാന്നൂറ്റി എഴുപത്തിയൊമ്പത് രൂപ അമ്പത്തിയഞ്ച് പൈസ).
10	**ശ്രീകുമാർ എസ്,** പൂവക്കാട്ടു ഹൗസ്, TC 19/927 1; ത്രിവിക്രമംപാല ക്ഷേത്രത്തിന് സമീപം; തിരുവനന്തപുരം; 695012	ലോൺ അക്കൗണ്ട് നമ്പർ **140751644** **Rs. 13,04,365/-**	വാഹനം : TATA TIGOR EV XZ PLUS LUX രജി. നമ്പർ : KL01CY4095 എഞ്ചിൻ നമ്പർ : TZ180XS72CN23010095 ചെയ്സിസ് നമ്പർ : MAT562008PKC36692	**എൻ. പി. എ തീയതി 07/03/2026** ഡിമാന്റ് നോട്ടീസ് തീയതി **04/05/2026**	**28.04.2026 ലെ കുടിശ്ശിക രൂ. 9,33,135/-** (ഒമ്പത് ലക്ഷത്തി മുപ്പത്തിമൂവായിരത്തി ഒരുന്നൂറ്റി മുപ്പത്തിയഞ്ച് രൂപ).
11